**Lalith Babu**

# Let Justice be done though the heavens should fall

## (ആകാശം ഇടിഞ്ഞു വീണാലും നീതി നടത്തപ്പെട്ടും)

'ആകാശം ഇടിഞ്ഞു വീണാലും നീതി നടത്തപ്പെട്ടും' എന്ന ആദർശ വാക്യം പലയിടത്തും കാണാം. എന്നാൽ ഈ വാക്യം ആദ്യമായി പറഞ്ഞത് ഒരു അനീതിയെ ന്യായീകരിക്കാൻ വേണ്ടിയായിരുന്നു എന്നുള്ളതാണ് വിചിത്രമായ കാര്യം. പിസോ (Gnaeus Calpurnius Piso) എന്നു പേരായ റോമൻ ഗവർണർക്ക് മുമ്പാകെ ഒരു കേസ് സമർപ്പിക്കപ്പെട്ടു. ഒരു റോമൻ പട്ടാളക്കാരനെ കാണാനില്ലയെന്നും അയാൾ കൊല്ലപ്പെട്ടതായി സംശയിക്കുന്നുവെന്നും കൊല ചെയ്തത് അയാളുടെ കൂടെയുണ്ടായിരുന്ന മറ്റൊരു റോമൻ പട്ടാളക്കാരനാണെന്ന് സംശയിക്കുന്നുവെന്നുമായിരുന്നു കേസ്. ഗവർണർ കൊലപാതകിക്കു വധ ശിക്ഷ വിധിച്ചു. വധശിക്ഷ നടപ്പാക്കാൻ പട്ടാള തലവനോട് ആജ്ഞാപിച്ചു. പട്ടാള തലവൻ വിധി നടപ്പാക്കാൻ തുടങ്ങുമ്പോഴേക്കും കൊല്ലപ്പെട്ടതായി സംശയിക്കപ്പെട്ട പട്ടാളക്കാരൻ ജീവനോടെ തിരിച്ചെത്തി. ഇനി ശിക്ഷ നടപ്പിലാക്കേണ്ടതില്ല എന്നറിയിക്കാനായി പട്ടാള തലവൻ പിസോയുടെ മുമ്പിലെത്തി കാര്യം അവതരിപ്പിച്ചു. ഇത് കേട്ട പിസോ ***'ആകാശം ഇടിഞ്ഞു വീണാലും നീതി നടത്തപ്പെട്ടും '*** എന്ന് കോപത്തോടെ ആക്രോശിച്ചു. തുടർന്ന് മൂന്ന് പേർക്ക് വധശിക്ഷ വിധിച്ചു !!

1. കൊലപാതകിയായി ആരോപിക്കപ്പെട്ട പട്ടാളക്കാരനെ വധിക്കാൻ പിസോ പറഞ്ഞ ന്യായം **" അയാൾ നിലവിൽ വധശിക്ഷക്ക് വിധിക്കപ്പെട്ട വ്യക്തിയാണ് "**

2. പട്ടാള മേധാവിക്ക് വധ ശിക്ഷ വിധിക്കാൻ പറഞ്ഞ ന്യായം **"അയാൾ ഏൽപ്പിക്കപ്പെട്ട ജോലി നിർവഹിച്ചില്ല. വധ ശിക്ഷ നടപ്പാക്കാതെ മറ്റൊരു വിധി പുറപ്പെടുവിക്കാനുള്ള നിർദേശവുമായി ഗവർണറുടെ മുമ്പാകെ വന്നു (Dereliction of duty)"**

3. ഇനി ജീവനോടെ തിരിച്ചു വന്ന പട്ടാളക്കാരനെ വധിക്കുവാൻ പിസോ പറഞ്ഞ ന്യായമാണ് ഏറ്റവും വിചിത്രം
**" മേൽപ്പറഞ്ഞ രണ്ടു നിരപരാധികൾ വധിക്കപ്പെടാൻ കാരണക്കാരൻ അയാളാണ് "**

ധാർമിക മൂല്യമില്ലാത്ത തന്റെ പ്രവർത്തി ന്യായീകരിക്കാൻ വേണ്ടി പിസോ പറഞ്ഞ ഈ ന്യായങ്ങൾ നിയമ ലോകത്ത് "PISO' S JUSTICE" എന്നാണു അറിയപ്പെടുന്നത്

**PISO' S JUSTICE : Issuing a judgment in accordance with law, but against morality.**